LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ വല നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാൻ നടപടി

153 [918] ശ്രീ. കെ. സുധാകരൻ :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മത്സ്യബന്ധന തൊഴിലാളികളുണ്ട് ;

(ബി) ഇവർക്കുവേണ്ടി പ്രതിവർഷം എത്ര ടൺ വല ആവശ്യമായി വരും ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര വല നിർമ്മാണ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട് ;

(ഡി) സംസ്ഥാനത്ത് കൂടുതൽ വല നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) 2,27,087 മത്സ്യത്തൊഴിലാളികൾ.

(ബി) ഉദ്ദേശം 2,000 ടൺ വല ആവശ്യമായി വരും.

(സി) ഒന്ന്.

(ഡി) ഇപ്പോൾ ഉദ്ദേശമില്ല.

തോട്ട പൊട്ടിച്ചുള്ള മീൻപിടുത്തം ഒഴിവാക്കുവാൻ നടപടി

154 [919] ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പി. ജെ. ജോയി :
,, കെ. സുധാകരൻ :
,, പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ട പൊട്ടിച്ച് മീൻ പിടിക്കുന്നത് മത്സ്യങ്ങളുടെ പ്രജനനത്തെയും ആവാസ വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാം വ്യാപകമായ തോതിൽ തോട്ട പൊട്ടിച്ച് മീൻ പിടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട് ;

(സി) മീൻ പിടിക്കുന്നതിന് തോട്ട പൊട്ടിച്ചതിന്റെ ഫലമായി തിരുവനന്തപുരം ജില്ലയിൽ ഇക്കഴിഞ്ഞ 2 വർഷത്തിനുള്ളിൽ എത്ര അപകടങ്ങളുണ്ടായിട്ടുണ്ട് ;

(ഡി) തോട്ട പൊട്ടിച്ച് മീൻ പിടിക്കുന്നത് നിരോധിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ തോട്ട പൊട്ടിച്ചുള്ള മീൻ പിടുത്തം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബാധിക്കും.

(ബി) തിരുവനന്തപുരം ജില്ലയിലെ വലിയതുറ മുതൽ പൂവാർ വരെയുള്ള തീര പ്രദേശങ്ങളിൽ തോട്ട പൊട്ടിച്ച് മീൻ പിടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) മൂന്ന് അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) തോട്ട പൊട്ടിച്ചുള്ള മീൻ പിടുത്തം ഒഴിവാക്കുവാനായി മത്സ്യത്തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. വിഴിഞ്ഞം മേഖലയിലേക്ക് സ്ഫോടക വസ്തുക്കൾ കൊണ്ടുവരുന്നുണ്ടോ എന്ന് കണ്ടെത്തുവാൻ വിഴിഞ്ഞം പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തോട്ട പൊട്ടിച്ച് മീൻ പിടിച്ചവർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്.

കടലാക്രമണംമൂലം ഭവനരഹിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

155 [920] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരവിപുരത്ത് കടലാക്രമണംമൂലം ഭവനരഹിതരായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര മത്സ്യത്തൊഴിലാളി ഭവനങ്ങളാണ് ഈ പ്രദേശത്ത് നഷ്ടപ്പെട്ടിട്ടുള്ളത് ;

(സി) ഈ പ്രദേശത്തെ ഫിഷർമെൻ കോളനി വീടുകളുടെ അറ്റകുറ്റപ്പണികൾ തീർക്കാൻ ഒരു സ്പെഷ്യൽ പാക്കേജ് പദ്ധതി നടപ്പിലാക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) വീട് നഷ്ടപ്പെട്ട 71 പേർക്ക് സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം വീട് അനുവദിച്ചു.

(ബി) 71 വീടുകൾ.

(സി) ഈ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി ഒരു പ്രത്യേക പദ്ധതി സർക്കാരിന്റെ മുമ്പിലുണ്ട്.

ഫിഷറീസ് ഫണ്ട് ഉപയോഗിച്ചുള്ള റോഡുകളുടെ നിർമ്മാണം

156 [921] ശ്രീ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് എത്ര റോഡുകളുടെ നിർമ്മാണം ഏറ്റെടുത്തു ;

LIBRARY ARCHIVES Kerala Legislative Assembly